# 80. വിദ്യാഭ്യാസ പത്രപ്രവർത്തനം മലയാളത്തിൽ

കേരളത്തിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ആദ്യകാല നേതാക്കളിൽ പ്രമുഖനും വളരെ കാലത്തോളം മാതൃഭൂമി കമ്പനിയുടെ മാനേജിങ് ഡയറക്ടറും ആയിരുന്ന കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനെ അനുസ്മരിക്കുന്നതിനായി 'ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷ'ന്റെ തൃശ്ശൂർ ജില്ലാ ഘടകം ഏർപ്പെടുത്തിയ വാർഷിക പ്രസംഗ പരമ്പരയിൽ രണ്ടാമത്തേതു നിർവഹിക്കാനായി ക്ഷണിക്കപ്പെട്ടതു് വലിയ ഒരു ഭാഗ്യമായി ഞാൻ കണക്കാക്കുന്നു. അദ്ധ്യാപനം ജീവിതവൃത്തിയായി തിരഞ്ഞെടുക്കുകയും അതിൽ ഏറെക്കുറെ സംതൃപ്തി കണ്ടെത്തുകയും ചെയ്തിരുന്ന എന്നെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ആധിപത്യം സ്വീകരിക്കാൻ സ്നേഹപൂർവം ക്ഷണിക്കുക മാത്രമല്ല നിർബന്ധിക്കുകകൂടി ചെയ്തതു് അന്നു് മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പ്രിന്ററും പബ്ലിഷറുംകൂടിയായിരുന്ന നമ്പൂതിരിപ്പാടായിരുന്നു. തുടരെത്തുടരെയുള്ള അദ്ദേഹത്തിന്റെ സമ്മർദം ഇല്ലായിരുന്നുവെങ്കിൽ ശാന്തവും സർവഥാ ഹൃദ്യവുമായിരുന്ന തൃശ്ശൂർ കേരളവർമ കോളേജിലെ വിശ്രമപൂർണമായ അദ്ധ്യാപനജീവിതം വിട്ടു സംഘർഷസങ്കുലവും വിശ്രമരഹിതവുമായ പത്രപ്രവർത്തനത്തിലേക്കു ഞാൻ വഴിതിരിഞ്ഞു പോകുമായിരുന്നുവോ എന്നു സംശയമാണു്. മുപ്പത്തെട്ടു വർഷങ്ങൾക്കുമുമ്പു്, ജീവിതത്തിന്റെ വലിയ വഴിത്തിരിവിൽവെച്ചു ഞാൻ എടുത്ത ആ തീരുമാനം വിവേകപൂർണമായിരുന്നുവോ എന്ന സംശയം പിന്നീടു പലപ്പോഴും എന്നെ ഒരു ബാധപോലെ പിൻതുടരുകയുണ്ടായിട്ടുണ്ടു്. ആ ചോദ്യത്തിനു് ഖണ്ഡിതമായൊരുത്തരം നൽകാൻ ഇന്നും എനിക്കു സാധിക്കുന്നുമില്ല. എങ്കിലും കേരളത്തിലെ സീമിതങ്ങളായ സാദ്ധ്യതകൾക്കു് അകത്തു് സംഭവ്യമായിടത്തോളം പത്രപ്രവർത്തനത്തിലെ സുഖങ്ങളും ദുഃഖങ്ങളും, പ്രതീക്ഷകളും നൈരാശ്യങ്ങളും സ്നേഹങ്ങളും വിദ്വേഷങ്ങളും അനുഭവിക്കാൻ എനിക്കു സംഗതിവന്നിട്ടുണ്ടു്. അനുഭൂതികളുടെ തീക്ഷ്ണതയും വൈവിധ്യവുമല്ലെങ്കിൽ വേറെ എന്താണു് ജീവിതത്തെ സ്പൃഹണീയവും മൂല്യവത്തുമാക്കുന്നതു്? എന്റെ സാമാന്യം ദീർഘമായ പത്രപ്രവർത്തനജീവിതത്തിൽ നിറഞ്ഞുനില്ക്കുന്ന സുഖകരങ്ങളും അസുഖകരങ്ങളുമായ ഒട്ടേറെ ആഴമേറിയ അനുഭൂതികൾക്കു് പാര്യന്തികമായി ഞാൻ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനോടു കടപ്പെട്ടിരിക്കുന്നു. എളിമയും വിശുദ്ധിയും നിറഞ്ഞുനിന്നിരുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വത്തെപ്പറ്റി ആഹ്ലാദകരങ്ങളായ എത്രയോ സ്മരണകൾ എനിക്കുണ്ടു്. ആ നല്ല മനുഷ്യനോടുള്ള കൃതജ്ഞതയും ആദരവും സ്നേഹവും സൗഹാർദവും രേഖപ്പെടുത്താൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നു.

## I

'മലയാളത്തിൽ വിദ്യാഭ്യാസ പത്രപ്രവർത്തനം' എന്നതാണു് ഈ പ്രസംഗത്തിനു നിർദേശിക്കപ്പെട്ടിരിക്കുന്ന വിഷയം. ഈ വിഷയത്തെ വ്യത്യസ്തങ്ങളായ രണ്ടു വീക്ഷണകോണങ്ങളിൽനിന്നു് സമീപിക്കാവുന്നതാണു്. പൊതുജന വിദ്യാഭ്യാസമെന്ന ഔപചാരികപ്രക്രിയയുടെ ഭാഗമായി ആ പ്രക്രിയയെ സഹായിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംവേണ്ടി നിർവഹിക്കപ്പെടുന്ന പത്രപ്രവർത്തനം എന്ന താരതമ്യേന സങ്കുചിതമായ അർത്ഥം വേണമെങ്കിൽ ഈ വിഷയത്തിനു നൽകാം. അതല്ലെങ്കിൽ പുതിയ അറിവുകൾ നേടുന്നതിനും അവയെ പരസ്പരം പൊരുത്തപ്പെടുത്തുന്നതിനും ഈ അറിവുകൾ പ്രായോഗി

കരാക്കുന്നതുവഴി ജീവിതത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ചക്രവാളങ്ങൾ വിശാലതരങ്ങളാക്കുന്നതിനും മനുഷ്യർ ജീവിതകാലത്തിലുടനീളം നിർവ്വഹിക്കുന്നതും നിർവഹിക്കേണ്ടതുമായ അനൗപചാരിക വിദ്യാഭ്യാസപ്രക്രിയയിൽ പത്രപ്രവർത്തനത്തിനുള്ള പങ്കാളിത്തമെന്ന കുറെക്കൂടി വ്യാപകവും നിയതങ്ങളായ അതിരുകൾ ഇല്ലാത്തതുമായ അർത്ഥം മുൻനിർത്തിയും ഈ വിഷയത്തെപ്പറ്റി ചർച്ചചെയ്യാം. ലഭ്യമായ സമയത്തിനുള്ളിൽ ഈ രണ്ടു സമീപനങ്ങളിലൂടെയും ഈ വിഷയത്തെപ്പറ്റി സംക്ഷിപ്തമായി പ്രതിപാദിക്കാനാണ് ഇവിടെ ശ്രമിക്കുന്നതു്. തയ്യാറെടുക്കാൻ കിട്ടിയ സമയത്തിന്റെ ഹ്രസ്വതയാലും ഗവേഷണസൗകര്യങ്ങളുടെ അഭാവത്താലും കൃത്യാന്തര വ്യഗ്രതയാലും ഈ പ്രതിപാദനം അപര്യാപ്തമായിട്ടുണ്ടെങ്കിൽ അതിനു ഞാൻ മാന്യശ്രോതാക്കളോടു മുൻകൂട്ടി മാപ്പു ചോദിക്കുന്നു.

## II

അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള നിരന്തരവും സശ്രദ്ധവും ആസൂത്രിതവും പ്രയോജനകരവുമായ പാരസ്പര്യമാണല്ലോ ഔപചാരിക വിദ്യാഭ്യാസം. നിർദിഷ്ടമായ വിഷയം പൂർവനിർണീതങ്ങളായ അളവുകളിലായി വിദ്യാർത്ഥിയിലേക്കു ക്രമത്തിൽ സംക്രമിപ്പിക്കുന്നതിന് അദ്ധ്യാപകൻ വാചികമായ പ്രഭാഷണത്തെയും ലിഖിതമായ പാഠപുസ്തകത്തെയും ഉപയോഗപ്പെടുത്തുന്നു. ഇവയിൽ ലിഖിതമായ പാഠപുസ്തകത്തിനു പല പരിമിതികളുമുണ്ട്. ഒന്നാമതു്, അതിലുൾപ്പെടുത്താവുന്നതു് നിർദിഷ്ടമായ വിഷയത്തിന്റെ സാമാന്യമായ രൂപരേഖമാത്രമാണ്. വിഷയം ശ്രോതാവിന്റെ സ്മരണയിൽ സ്ഥിരപ്രതിഷ്ഠ നേടുന്നതിനാവശ്യമായ വിശദീകരണത്തിനോ, താരതമ്യപരിശോധനകൾക്കോ, ഉദാഹരണങ്ങൾക്കോ ഒന്നും പാഠപുസ്തകത്തിൽ സ്ഥലം കണ്ടേക്കുകയില്ല. മാത്രമല്ല, അനുദിവസം വളർന്നുകൊണ്ടിരിക്കുന്ന ഒരു വിജ്ഞാനമേഖലയുടെ എത്രയോ വർഷങ്ങൾക്കുമുമ്പു നിർജീവമായി ശിലീഭവിച്ചു കഴിഞ്ഞ രൂപമാണ് സാധാരണനിലയിൽ പാഠപുസ്തകങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ളതു്. പാഠപുസ്തകം പലപ്പോഴും ഒരു വ്യക്തിയുടെ സങ്കുചിതവീക്ഷണത്തെ മാത്രമേ പ്രതിഫലിപ്പിക്കുന്നുള്ളു എന്നുവരാം. പ്രതിപാദ്യവിഷയത്തെപ്പറ്റി ആ വിഷയത്തിൽ അഗാധമായ അവഗാഹം നേടിയിട്ടുള്ള അനേകരുടെ വ്യത്യസ്ത വീക്ഷണങ്ങൾ ഉൾക്കൊള്ളാൻ പാഠപുസ്തകം വിദ്യാർത്ഥിയെ സഹായിക്കുകയില്ല. ഇത്തരം കാരണങ്ങളാൽ, വിദ്യാഭ്യാസത്തിനു് തുലോം അപര്യാപ്തമായ എങ്കിലും അനുപേക്ഷണീയമായ ഒരു മാദ്ധ്യമമാണ് പാഠപുസ്തകം.

പാഠപുസ്തകത്തിന്റെ പരിമിതികൾ നിപുണരായ അദ്ധ്യാപകരുടെ പ്രഭാഷണങ്ങൾകൊണ്ടാണ് ഒരളവുവരെ നികത്തപ്പെടുന്നതു്. എന്നാൽ, പ്രഭാഷണത്തിനും നിറയ്ക്കാനാവാത്ത ശൂന്യതകൾ ഒട്ടേറെയുണ്ട്. ഇവ ഒഴിവാക്കുന്നതിനായി പല വിഷയങ്ങളെ അധികരിച്ച് പണ്ഡിതസമിതികളോ പ്രത്യേക സ്ഥാപനങ്ങളോ നടത്തുന്ന ആനുകാലികങ്ങൾ മാത്രമേ ആശ്രയിക്കാവുന്നവയായി ഉള്ളൂ. ഭൗതികശാസ്ത്രങ്ങൾ, ജൈവശാസ്ത്രങ്ങൾ, ചരിത്രംപോലെയുള്ള മാനവികവിജ്ഞാനങ്ങൾ എന്നിങ്ങനെ ഏതെങ്കിലും വിശേഷവൽകൃതമായ പാഠ്യവിഷയത്തെ അധികരിച്ചുള്ള ഗവേഷണപ്രബന്ധങ്ങളും ഈ വിഷയങ്ങളിൽ അതാതുകാലത്തുണ്ടാകുന്ന പുരോഗതിയെക്കുറിക്കുന്ന വിവരണങ്ങളും പ്രത്യേകതരം പുസ്തകങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങളും മറ്റുമടങ്ങുന്ന മാസികകൾ, ത്രൈമാസികങ്ങൾ തുടങ്ങിയവയാണ് ഇക്കൂട്ടത്തിൽ മുന്നിട്ടുനിൽക്കുന്നതു്. ഇവയോടൊപ്പം അക്കാദമിക നിലവാരത്തിൽ സാമാന്യവിഷയങ്ങൾ ചർച്ചചെയ്യുന്ന ആനുകാലികങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

മലയാളത്തിൽ പത്രപ്രവർത്തനം ആരംഭിച്ചതു് ഈ ഇനത്തിൽപ്പെടുത്താ

വുന്ന ഒരു മാസികയുടെ പ്രസിദ്ധീകരണത്തോടെയാണ് എന്നതു് കൗതുകകരമായ ഒരു വസ്തുതയാകുന്നു. ഗുണ്ടർട്ടിന്റെ ആഭിമുഖ്യത്തിൽ ഇല്ലിക്കുന്നിൽനിന്നും കല്ലച്ചിൽ അടിച്ചു് പ്രസിദ്ധീകരിച്ചിരുന്ന 'പശ്ചിമോദയം' ആണല്ലൊ മലയാളത്തിലെ പ്രഥമപത്രമായി പരിഗണിക്കപ്പെടുന്നതു്. ചരിത്രം, ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം മുതലായ ആധുനിക പാശ്ചാത്യവിജ്ഞാന ശാഖകളുമായി മലയാളികളെ പരിചയപ്പെടുത്തുകയായിരുന്നു 'പശ്ചിമോദയം' പ്രവർത്തകരുടെ ലക്ഷ്യം. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ സ്കൂളുകളിൽ അധികവായനയ്ക്കു് ഉപകരിക്കുന്ന സാമഗ്രി സുഗമമായ ഭാഷയിൽ 'പശ്ചിമോദയം' അതിന്റെ വായനക്കാർക്കു നൽകിപ്പോന്നു.

എന്നാൽ, നിർഭാഗ്യവശാൽ ഈ രംഗത്തിൽ മലയാള പത്രപ്രവർത്തനം പിന്നീടു വളരെയൊന്നും പുരോഗമിക്കുകയുണ്ടായില്ല. വിജ്ഞാനപ്രദങ്ങളായ വിദ്യാഭ്യാസ—ആനുകാലികങ്ങളുടെ കാര്യത്തിൽ നമ്മുടെ ഭാഷ ഇന്നും പരമദരിദ്രയായിത്തന്നെ നിലകൊള്ളുന്നു. ഉള്ള പ്രസിദ്ധീകരണങ്ങളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മാസംതോറും മുടങ്ങാതെ പുറത്തിറക്കുന്ന 'വിജ്ഞാനകൈരളി'യും ഇടയ്ക്കിടെ വല്ലപ്പോഴും പ്രസിദ്ധീകരിക്കുന്ന 'വിജ്ഞാനപോഷിണി'യും എടുത്തു പറയേണ്ടതാണ്. 'വിജ്ഞാനകൈരളി'യിൽ പ്രസിദ്ധീകരിക്കുന്നതു് വിവിധ—അക്കാദമിക—വിഷയങ്ങളെപ്പറ്റി കോളേജ് തലത്തിൽ അധികവായനയ്ക്കു് ഉപകരിക്കുന്ന ലേഖനങ്ങളാകുന്നു. ഗവേഷണപ്രബന്ധങ്ങളുടെ മലയാള വിവർത്തനങ്ങളാണ് 'വിജ്ഞാനപോഷിണി'യുടെ ഉള്ളടക്കം. ഈ രണ്ടിന്റെയും പ്രസിദ്ധീകരണം തുടങ്ങിവെച്ചതു ഞാനാണെന്ന കാര്യത്തിൽ എനിക്കു സീമാതീതമായ ചാരിതാർത്ഥ്യമുണ്ടു്. മലയാള മനോരമ ദ്വൈവാരികയായി പ്രസിദ്ധീകരിക്കുന്ന 'ഭാഷാപോഷിണി' സാഹിത്യപരമായ വിദ്യാഭ്യാസത്തിനു് അദ്വിതീയമായ സേവനമാണ് നിർവഹിച്ചുവരുന്നതു്. കേരള സർവകലാശാലയിലെ മലയാളംവകുപ്പ് പ്രസിദ്ധീകരിക്കുന്ന 'ഭാഷാസാഹിതി', കേരള സാഹിത്യ അക്കാദമിയുടെ 'സാഹിത്യലോകം', ഡോ. സി. കെ. കരീം കുറെ കാലം പ്രസിദ്ധീകരിച്ച 'ചരിത്രം' മുതലായവയും ഇക്കൂട്ടത്തിൽ പരാമർശം അർഹിക്കുന്നു.

ശാസ്ത്രസാഹിത്യ പരിഷത്താണ് മലയാളത്തിൽ വിദ്യാഭ്യാസ പത്രപ്രവർത്തനത്തിനു ഗണ്യമായ സേവനമനുഷ്ഠിച്ച ഒരു ജനകീയ സംഘടന. പ്രാഥമിക ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള 'യുറീക്ക', സെക്കൻഡറി ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള 'ശാസ്ത്രകേരളം', കുറേക്കൂടി ഉയർന്ന നിലവാരത്തിലുള്ള 'ശാസ്ത്രഗതി' എന്നീ ആനുകാലികങ്ങൾ പരിഷത്തിന്റെ വകയായി പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. വിദ്യാർത്ഥികളുടെ വിജ്ഞാനതാല്പര്യം വളർത്തുന്നതിൽ ഈ പ്രസിദ്ധീകരണങ്ങൾ നൽകിയിട്ടുള്ള സാഹായ്യം കുറച്ചൊന്നുമല്ല

എന്നാൽ, വിഭിന്ന വിജ്ഞാന ശാഖകളിൽ വിശേഷവൽകൃതങ്ങളായ ആനുകാലികങ്ങൾ കേരളത്തിൽ അപൂർവമായേ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു; പ്രസിദ്ധീകരിക്കപ്പെട്ടവയ്ക്കുതന്നെ ദീർഘായുരാരോഗ്യം ഉണ്ടായിട്ടുമില്ല. കുററകരമായ അനാസ്ഥയാണ് ഈ വിഷയത്തിൽ നമ്മുടെ സർവകലാശാലകൾ ഇന്നോളം അനുവർത്തിച്ചിട്ടുള്ളതെന്നു പറയാതെ തരമില്ല. ക്ലാസ്സുകൾക്കു പുറത്തുള്ള വിജ്ഞാനവ്യാപനം തങ്ങളുടെ കൃത്യങ്ങളിൽ ഒന്നാണെന്ന് കേരളത്തിലെ സർവകലാശാലകൾ ഇനിയും അംഗീകരിച്ചതായി തോന്നുന്നില്ല.

ഇവിടെ പരാമർശിച്ച പ്രസിദ്ധീകരണങ്ങളിൽനിന്നു വ്യത്യസ്തമായി അദ്ധ്യാപക സംഘടനകളുടെ ആഭിമുഖ്യത്തിൽ അവരുടെ തൊഴിൽപരമായ പ്രശ്നങ്ങൾക്കു മുൻതൂക്കം നൽകി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളും വിദ്യാഭ്യാസ പത്രപ്രവർത്തനത്തിന്റെ പരിധിയിൽപ്പെടുത്താവുന്നവയാണ്. കൊച്ചി അദ്ധ്യാപക സംഘടനകളുടെ മുഖപത്രമായിരുന്ന 'കൊച്ചിൻ ടീച്ചേഴ്സ് മാഗസിൻ' ഇക്കൂട്ടത്തിൽ എടുത്തുപറയത്തക്ക ഒന്നാകുന്നു. ഇതിൽ ഇംഗ്ലീഷിലെന്ന

പോലെ മലയാളത്തിലുമുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. 1949–50 വർഷങ്ങളിൽ ഈ പ്രസിദ്ധീകരണവുമായി ബന്ധപ്പെടാൻ ആ സംഘടനയുടെ കാര്യദർശി എന്ന നിലയിൽ എനിക്ക് അവസരമുണ്ടായിരുന്നു. 1948 അവസാനത്തിൽ കൊച്ചി എയ്ഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപക സംഘടനകളുടെ മുഖപത്രമായി കുറെക്കാലം പ്രസിദ്ധീകരിക്കപ്പെട്ട 'ജനയുഗം' എന്ന വാരികയുടെ പത്രാധിപത്യവും എന്നിൽ നിക്ഷിപ്തമായിരുന്നു. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാരിൽനിന്നു നേരിട്ടു ശമ്പളവും പൗരാവകാശങ്ങളും ലഭ്യമാക്കുന്നതിന് ഈ വാരിക വളരെയധികം കാര്യക്ഷമമായി പ്രവർത്തിക്കുകയുണ്ടായി. വിവിധ വിഭാഗങ്ങളിലും വ്യത്യസ്ത തലങ്ങളിലുംപെട്ട അദ്ധ്യാപക സംഘടനകളുടെ മുഖപത്രങ്ങളായി വേറെയും എത്രയോ ആനുകാലികങ്ങൾ മലയാളത്തിൽ മുമ്പു പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. ഇപ്പോഴും ഇത്തരം ചില ആനുകാലികങ്ങൾ നിലവിലുണ്ട്. പക്ഷേ, ഗണ്യമായ പ്രഭാവം ഉളവാക്കുവാൻ ഇവയ്ക്കു സാധിക്കുന്നുണ്ടെന്നു തോന്നുന്നില്ല.

കോളേജുകൾ ഹൈസ്കൂളുകൾ മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നു വർഷത്തിലൊരിക്കലോ കൂടുതൽ തവണകളിലോ പ്രസിദ്ധീകരിക്കപ്പെടുന്ന 'ക്യാമ്പസ്' പത്രങ്ങളെയും ഇക്കൂട്ടത്തിൽ പരിഗണിക്കാമെന്നു തോന്നുന്നു. പക്ഷേ, അവയെപ്പറ്റി വിശദമായ പരാമർശത്തിന് ഇവിടെ മുതിരുന്നില്ല.

## III

വാർത്താവിതരണത്തോടൊപ്പം ഉദ്ബോധനം വിനോദപ്രദാനം എന്നിവകൂടി പത്രപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളായി പറയപ്പെടാറുണ്ടല്ലോ. ഉദ്ബോധനത്തിൽ കൂടുതൽ ഊന്നുമ്പോൾ പത്രം അനൗപചാരിക വിദ്യാഭ്യാസത്തിന്റെ സുശക്തമായ മാധ്യമമായിത്തീരുന്നു. ജീവിതത്തിനുള്ള തയ്യാറെടുപ്പാണു വിദ്യാഭ്യാസമെന്നും (learn to be) ഈ തയ്യാറെടുപ്പു ജീവിതകാലം മുഴുവൻ തുടർന്നു നിൽക്കേണ്ട ഒരു പ്രക്രിയയാണെന്നും (Life-long Education) ഇപ്പോൾ പരിഷ്കൃതലോകത്തിലെങ്ങും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആജീവനാന്ത വിദ്യാഭ്യാസത്തിനു സഹായിക്കുന്ന മാധ്യമങ്ങളിൽ ഏറ്റവും പ്രമുഖമായ സ്ഥാനം നൽകേണ്ടതു പത്രങ്ങൾക്കും ആനുകാലികങ്ങൾക്കുമാകുന്നു. റേഡിയോവിന്റെയും ടെലിവിഷന്റെയും പ്രാധാന്യം കുറച്ചു കാണാതെയാണ് ഈ പ്രസ്താവന നടത്തിയിട്ടുള്ളത്.

വിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ അപ്പോഴപ്പോൾ ഉണ്ടാവുന്ന വികാസങ്ങൾ വായനക്കാർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ കേരളത്തിലെ ദിനപത്രങ്ങളും ആനുകാലികങ്ങളും പ്രശംസാർഹമായ പങ്കുവഹിച്ചുവന്നിട്ടുണ്ട്. വിനോദത്തേക്കാൾ പലപ്പോഴും വിജ്ഞാന വ്യാപനത്തിനാണു നമ്മുടെ പ്രധാനപ്പെട്ട ആനുകാലികങ്ങൾ പ്രാധാന്യം നൽകിവന്നത്. പ്രൗഢങ്ങളായ എത്രയോ ശാസ്ത്രഗ്രന്ഥങ്ങൾ നമ്മുടെ വാരികകളിൽ തുടർച്ചയായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. നോവലോ കഥയോ വായിക്കുന്നതിൽ ഒട്ടും കുറയാത്ത താല്പര്യത്തോടെ ഇവയിൽ പലതും മലയാളവായനക്കാർ ആസ്വദിക്കുകയുംചെയ്തിട്ടുണ്ട്. വേണ്ടവിധത്തിൽ സംവിധാനംചെയ്തു സമർപ്പിക്കുന്നപക്ഷം ഏതു ശാസ്ത്രവും വായനക്കാരിൽ വലിയ ഒരു വിഭാഗത്തിന് ആകർഷകമല്ലാതെവരില്ല എന്നാണ് എന്റെ അനുഭവം.

അടുത്തകാലത്തായി നമ്മുടെ ദിനപത്രങ്ങൾ വിദ്യാഭ്യാസ പത്ര പ്രവർത്തനരംഗത്തിനു കൂടുതൽ സംഭാവനകൾ നൽകിത്തുടങ്ങിയിട്ടുണ്ടെന്നതിന് അവയിലെ പല പംക്തികൾ സാക്ഷ്യംവഹിക്കുന്നു. കൃഷി, സാമ്പത്തികരംഗം, സയൻസ്, നിയമം, ആരോഗ്യശാസ്ത്രം, ടെക്നോളജി മുതലായ പല വിഷയങ്ങൾ ലഘുവായോ ഗൗരവത്തോടെയോ പ്രതിപാദിക്കുന്ന പംക്തികൾ നിശ്ചിത ദിവസങ്ങളിൽ നമ്മുടെ ദിനപത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വായന

കൂടുതൽ കാര്യമായി എടുത്തിട്ടുള്ള സാധാരണപൗരർക്ക് ഈ പംക്തികൾ എത്രമാത്രം പ്രയോജനകരങ്ങളാണെന്നു പറയേണ്ടതില്ല.

ഭരണത്തിന്റെ എല്ലാ രംഗങ്ങളിലും സാമാന്യജനങ്ങൾക്കു പങ്കാളിത്തം ഉണ്ടാവുന്നില്ലെങ്കിൽ ജനാധിപത്യം പരമാവധി ദുർബലപ്പെടുകയും വീണ്ടെടുക്കാനാകാത്തവിധം ദുഷിക്കുകയുംചെയ്യുമെന്ന് ഇക്കഴിഞ്ഞ നാലു പതിററാണ്ടുകളിലെ അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. വിജ്ഞാനത്തിന്റെ പല മേഖലകളിലും ശാസ്ത്രീയവും ഭ്രാന്തിരഹിതവുമായ ബോധം നേടിയെങ്കിൽ മാത്രമേ സാധാരണ പൗരനു ഭരണത്തിന്റെ വ്യത്യസ്തതലങ്ങളിൽ പ്രയോജനകരമായി പങ്കെടുക്കുവാൻ കഴിവു കൈവരികയുള്ളൂ. പൗരന്മാരിൽ ഈ ബോധം ഉളവാക്കുകയാണ് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സാക്ഷരത നേടിക്കഴിഞ്ഞവരെ സംബന്ധിച്ചിടത്തോളം അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതിനുള്ള ഏററവും ശക്തമായ മാധ്യമം പത്രമാകുന്നു. ഓരോ വിഷയത്തിലും പ്രസക്തങ്ങളായ വിവരങ്ങൾ അനുക്രമമായി നൽകാനും വ്യത്യസ്തങ്ങളായ പല വീക്ഷണകോണങ്ങൾ അവതരിപ്പിച്ചു മുമ്പിലുള്ള അനേകം വികല്പങ്ങളിൽ ഏററവുമധികം പ്രയോജനകരമായതു തിരഞ്ഞെടുക്കുവാൻ കഴിവുനല്കുന്ന വിവേചനശീലം വായനക്കാരിൽ ഉദ്ദീപിപ്പിക്കാനും പത്രങ്ങൾക്കുള്ള കഴിവു മറെറാരു മാധ്യമത്തിനുമില്ല. ഇക്കാരണത്താൽ വരുംവർഷങ്ങളിൽ പൊതു പത്രപ്രവർത്തനത്തിലെ വലിയൊരു മേഖല വിദ്യാഭ്യാസ പത്രപ്രവർത്തനത്തിനായി നീക്കിവെക്കേണ്ടതു് ആവശ്യമായിവരുമെന്നു നിസ്സംശയം പറയാം.

സ്വന്തം ഉത്തരവാദിത്തത്തെപ്പററി പൂർണമായ ബോധമുള്ള ഒരു പത്രപ്രവർത്തകനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ കൂടുതൽ ഉയർന്ന ഒരു രൂപം മാത്രമാണു പത്രപ്രവർത്തനം. ജനങ്ങളെ ഉദ്ബുദ്ധരാക്കി കർമരംഗത്തിലേക്കു നയിക്കുന്നതിലാണു പത്രപ്രവർത്തനത്തിന്റെ ചാരിതാർഥ്യം. പത്രപ്രവർത്തനം യഥാർഥത്തിൽ സാഫല്യം നേടുന്നതു് അതൊരു വിദ്യാഭ്യാസ പ്രവർത്തനമായിത്തീരുമ്പോഴാകുന്നു. ഈ മേഖലയിലുള്ള പ്രവർത്തനമാണു പത്രാധിപനെ ആചാര്യപദവിയിലേക്കു് ഉയർത്തുന്നതു്. മലയാള പത്രപ്രവർത്തനത്തിൽ കേസരി ബാലകൃഷ്ണപിള്ള എക്കാലവും ആചാര്യനായി ആദരിക്കപ്പെടുമെങ്കിൽ, അതിനുള്ള കാരണം മറെറാന്നല്ല.

(കൂർ നീലകണ്ഠൻനമ്പൂതിരിപ്പാടു് സ്മാരകപ്രസംഗം—1988)

## 81. മനോരമയുടെ സംഭാവനകൾ

മലയാളത്തിൽ പത്രപ്രവർത്തനത്തിന്റെ പുരോഗതിക്കു് മലയാള മനോരമ നൽകിയ സംഭാവനകളാണല്ലോ ഈ പരിചർച്ചയുടെ വിഷയം. പേരു് അല്പമൊന്നു ഭേദപ്പെടുത്തി, 'മലയാള പത്രപ്രവർത്തനത്തിന്റെ ഇന്നോളമുള്ള പുരോഗതി' എന്നു് ആക്കിയാലും, പരിചർച്ചയുടെ സ്വഭാവത്തിൽ വലിയ വ്യത്യാസമൊന്നും വരാൻ ഇടയില്ല. കാരണം, ഇക്കഴിഞ്ഞ നൂറു വർഷങ്ങളിൽ മലയാള പത്രപ്രവർത്തനത്തിനു് വിവിധ രംഗങ്ങളിൽ കൈവന്ന പുരോഗതിയിൽ മലയാള മനോരമ പൂർണമായും പങ്കാളിയായിട്ടുണ്ടു്; പുരോഗതിയുടെ ഒട്ടുവളരെ രംഗങ്ങളിൽ നിർണായകമായ നേതൃത്വം വഹിച്ചതു് മലയാള മനോരമയാണുതാനും. അതിനാൽ മലയാള പത്രപ്രവർത്തനത്തിന്റെ പുരോഗതിയും മലയാള മനോരമയുടെ പുരോഗതിയും ഒരേ പ്രതിഭാസത്തിന്റെ വ്യത്യസ്തവീക്ഷണങ്ങൾ മാത്രമാകുന്നു. ഒന്നിനെപ്പററി പറയുമ്പോൾ നാം മറെറാന്നിനെപ്പററിയും പറയാൻ നിർബദ്ധരായിത്തീരുന്നു.